"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 88/2005, 330/2010, 589/2010, 593/2009, 787/2008 എന്നീ കേസുകളിലെ ബാലൻസ് വിധിക്കടത്തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1827/2025/LSGD തീയതി, തിരുവനന്തപുരം, 25-07-2025**

---

പരാമർശം:-

1). തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 12/06/2023-ലെ എ3/2817/2007/ട്രിഡ നമ്പർ കത്ത്.

2). തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 14/11/2024 -ലെ എ3/1542/2015/ട്രിഡ നമ്പർ കത്ത്.

3). തിരുവനന്തപുരം ജില്ലാ കളക്ടറുടെ 01/03/2025 തീയതിയിലെ കെ15-421181/22 നമ്പർ കത്ത്.

4). തിരുവനന്തപുരം ജില്ലാ കളക്ടറുടെ 03/03/2025 തീയതിയിലെ DCTVM/12454/2024-K9 നമ്പർ കത്ത്.

5). സ.ഉ.(സാധാ) നം. 1091/2025/തസ്വഭവ, തീയതി, 30/04/2025.

6). സ.ഉ.(സാധാ) നം. 5470/2025/ധന, തീയതി, 28/06/2025.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി വിവിധ റോഡുകളുടെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 88/2005, 330/2010, 589/2010, 593/2009, 787/2008 എന്നീ നമ്പർ കേസുകളിലെ ബാലൻസ് വിധിക്കടത്തുകയായ 2,42,38,971/- രൂപ (രണ്ട് കോടി നാല്പത്തിരണ്ട് ലക്ഷത്തി മുപ്പത്തിയെട്ടായിരത്തി തൊള്ളായിരത്തി എഴുപത്തിയൊന്ന് രൂപ മാത്രം) ബന്ധപ്പെട്ട കക്ഷികൾക്ക് അനുവദിക്കണമെന്ന് പരാമർശം (1), (2) എന്നിവ പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും പരാമർശം (3), (4) എന്നിവ പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽ പരാമർശിച്ച എൽ.എ.ആർ. കേസുകളിലെ ബാലൻസ് വിധിക്കടത്തുകയായ 2,42,38,971/- രൂപ (രണ്ട് കോടി നാല്പത്തിരണ്ട് ലക്ഷത്തി മുപ്പത്തിയെട്ടായിരത്തി തൊള്ളായിരത്തി എഴുപത്തിയൊന്ന് രൂപ മാത്രം) ബന്ധപ്പെട്ട കക്ഷികൾക്ക് അനുവദിക്കുന്നതിന് പരാമർശം (5) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (6) പ്രകാരം '4217-60-800-93 Payment of Compensation in LAR Cases (Plan Charged)' എന്ന ശീർഷകത്തിൽ 2,42,39,000/- രൂപ അധിക

ധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാനുമതിയുടെയും അടിസ്ഥാനത്തിൽ തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി വിവിധ റോഡുകളുടെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 88/2005, 330/2010, 589/2010, 593/2009, 787/2008 എന്നീ നമ്പർ കേസുകളിലെ ബാലൻസ് വിധിക്കടത്തുകയായ 2,42,38,971/- രൂപ (രണ്ട് കോടി നാല്പത്തിരണ്ട് ലക്ഷത്തി മുപ്പത്തിയെട്ടായിരത്തി തൊള്ളായിരത്തി എഴുപത്തിയൊന്ന് രൂപ മാത്രം) ബന്ധപ്പെട്ട കക്ഷികൾക്ക് താഴെ കാണും പ്രകാരം അനുവദിക്കുന്നതിനായി '4217-60-800-93 Payment of compensation in LAR Cases (Plan - Charged)' എന്ന ശീർഷകത്തിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് പ്രിൻസിപ്പിൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ. നം.. | കക്ഷിയുടെ പേര് | എൽ.എ. ആർ. നം. | വില്ലേജ് | ഏറ്റെടുത്ത സ്ഥലത്തിന്റെ അളവ് (സർവ്വേ നം./ആർ) | തുക |
|---|---|---|---|---|---|
| **ബേക്കറി പാളയം എയർപോർട്ട് റോഡ് വികസനം** | | | | | |
| 1. | ശ്രീമതി. ജസീന്ത ഹാരിസൺ & ശ്രീ. ഹാരിസൺ ബെനഡിക്ട്, ടി.സി 34/789, വലിയതോപ്പ്, ശംഖുമുഖം, തിരുവനന്തപുരം | 88/2005 | പേട്ട | സർവ്വേ നം. 1835/1, 00.45 ആർ. | 1,76,386/- |
| **പാറ്റൂർ ചൂരക്കാട്ടുപാളയം റോഡ്** | | | | | |
| 2. | ശ്രീമതി. ഷീജ ചന്ദ്രബോസ് & ശ്രീ. അരുൺ ബോസ്, ചന്ദ്രഗിരി, കെ.ആർ.എ 46, എച്ച് .എസ് റോഡ്, പേട്ട, തിരുവനന്തപുരം. | 330/2010 | വഞ്ചിയൂർ | 265 (Re.Sy No. 265/8), 00.07 ആർ. | 7,88,537/- |
| 3. | ശ്രീ. പഴയനിയ പിള്ള, റ്റി.സി.24/415, റസിഡൻസി റോഡ്, തൈക്കാട്, തിരുവനന്തപുരം | 593/2009 | തൈക്കാട് | സർവ്വേ നം. 2739/2 01.18 ആർ | 1,08,59,665/ - |

| | | | | | |
|---|---|---|---|---|---|
| **കവടിയാർ-വഴയില റോഡ് വികസനം** | | | | | |
| 4. | ശ്രീമതി. സ്മിത ദേവരാജ്, 'സിതാര', അമ്പലമുക്ക്, തിരുവനന്തപുരം. | 589/2010 | കുടപ്പനക്കുന്ന് | സർവ്വേ നം.58, 00.62 ആർ | 61,47,236/- |
| 5. | ശ്രീമതി. ഊർമിള ദേവി, വിനോദ് ഭവൻ ടോൾ ജംഗ്ഷൻ, കവടിയാർ, തിരുവനന്തപുരം | 787/2008 | പേരൂർക്കട | സർവ്വേ നം. 34 00.68 ആർ | 62,67,147/- |
| **ആകെ 2,42,38,971/- രൂപ (രണ്ട് കോടി നാല്പത്തിരണ്ട് ലക്ഷത്തി മുപ്പത്തിയെട്ടായിരത്തി തൊള്ളായിരത്തി എഴുപത്തിയൊന്ന് രൂപ മാത്രം)** | | | | | |

4) പരാമർശം (6) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASHA A K
**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.
ബന്ധപ്പെട്ട കക്ഷികൾക്ക് (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WCD-3/21/2023/FIN. dated 06.07.2025).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (RE1/208/2024-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 26-07-2025 10:32:46
സെക്ഷൻ ഓഫീസർ